സിംപോസിയം

# 4. ഇസ്‌ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്ത് ആക്ടും

**മുഹമ്മദ്, നടുക്കണ്ടി** (അഡ്വക്കറ്റ്)

**ഇന്ന്** ഇന്ത്യൻ മുസ്‌ലിംകളുടെ ഇടയിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയം ഒരു പക്ഷെ ശരീഅത്ത് നിയമ ഭേദഗതിയായിരിക്കും. കേരളത്തിലാകട്ടെ, ഈ വിഷയം സമുദായത്തിൽ തീവ്രമായ ധ്രുവീകരണം സൃഷ്ടിക്കാൻതന്നെ കാരണമായിട്ടുണ്ട്. ഇതെല്ലാം ശ്രദ്ധാപൂർവം വീക്ഷിച്ചുകൊണ്ടിരുന്ന ഒരാൾക്ക്, വേദനാജനകമായ പല തമാശകളും അവക്കിടയിൽ കാണാൻ സാധിക്കും.

ആദ്യമെ തന്നെ ഒരു കാര്യം തുറന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഇന്ത്യയിലിന്ന് നടപ്പുള്ള ശരീഅത്ത് നിയമത്തിൽ പല അപാകതകളുണ്ട്. ഈ അപാകതകൾ ഇസ്‌ലാമിക നിയമത്തിന്റെതന്നെ അപാകതകളായി തെറ്റിദ്ധരിച്ച ഉല്പതിഷ്ണുക്കൾ എന്ന് സ്വയം അവകാശപ്പെടുന്ന ഒരു വിഭാഗം, ഇതെല്ലാം ഇനിയും നിലനിർത്തുന്നത് സമുദായത്തിനൊട്ടാകെ അപമാനകരമാണെന്നും അതുകൊണ്ട് അവക്ക് പകരം രാജ്യത്തിന്റെ 'പൊതുനിയമം' മുസ്‌ലിംകൾക്ക് കൂടി ബാധകമാക്കുകയാണ് കരണീയമെന്നും വാദിക്കുവാൻ തുടങ്ങി. സ്വാഭാവികമായും മതത്തെ പ്രാണനേക്കാൾ വിലമതിക്കുന്ന ഭൂരിപക്ഷം, ശരീഅത്ത് നിയമത്തെ തൊട്ടുകളിക്കാൻ ആരേയും അനുവദിക്കുകയില്ലെന്ന് അതിശക്തമായുദ്ഘോഷിച്ചുകൊണ്ട് തിരിച്ചടിച്ചു.

ഇവിടെയാണ് തമാശ; വേദനാജനകമായ തമാശ! ഇസ്‌ലാമിക ശരീഅത്തും ഇന്ത്യൻ ശരീഅത്ത് ആക്ടും ഒന്നുതന്നെയാണെന്ന് ഏറെക്കുറെ രണ്ടു വിഭാഗവും തെറ്റിദ്ധരിച്ചിരിക്കുന്നു.

### അൽപം ചരിത്രം

ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്ന കാലത്ത്, ഇന്ത്യ മുഗിളരുടെ കയ്യിലായിരുന്നു. അവരുടെ ഇഛാനുസരണം ഇന്ത്യയിലെ നീതിന്യായം ഏറെക്കുറെ ഇസ്‌ലാമിക നിയമത്തിനനുസരിച്ചായിരുന്നു നടത്തിയിരുന്നത്. ഹിന്ദുക്കളുടെ കുടുംബ കാര്യങ്ങൾ ഹിന്ദു ശാസ്ത്രങ്ങൾക്കനുസരണവും. അക്ബറിനെപ്പോലെയും ജഹാംഗീറിനെപ്പോലെയുമുള്ള ചക്രവർത്തിമാർ നടപ്പാക്കിയ ഇസ്‌ലാമിക നിയമമായിരുന്നു അതെന്ന് നാം മറക്കാൻ പാടില്ല.

ബ്രിട്ടീഷുകാരൻ ആദ്യമായും അവസാനമായും കച്ചവടക്കാരനാണ്. ആഭ്യന്തര സമാധാനം അവന്റെ താൽപര്യങ്ങൾക്ക് അത്യന്താപേക്ഷിതമായിരുന്നു. അതുകൊണ്ടുതന്നെ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും ആഭ്യന്തര നീതിന്യായത്തിൽ കമ്പനി ഇടപെടുന്നതിനെ വാറൻ ഹേസ്റ്റിങ്ങ്സ് നിരോധിച്ചു. (Regulation 11 of 1772) 1780 ലെ റഗുലേഷൻ 27-ാം വകുപ്പിൽ ഇങ്ങനെ വായിക്കാം: "സ്വത്തവകാശം, വിവാഹം, ജാതി..........മുതലായവയിൽ, മുസ്‌ലിംകളുടെ കാര്യത്തിൽ ഖുർആനിലെ നിയമങ്ങളും ജന്തുക്കളുടെ (ഹിന്ദുക്കൾ) കാര്യത്തിൽ ശാസ്ത്രങ്ങളും കർശനമായി പിന്തുടരണം" പക്ഷെ, 'ഖുർആനിലെ നിയമങ്ങൾ' എന്നതുകൊണ്ട് അവരുദ്ദേശിച്ചത് "ഇന്ത്യയിൽ അറിയപ്പെടുന്നതും പിന്തുടരുന്നതുമായ മൊഹമ്മദൻ നിയമ' മാണെന്ന്, ജസ്റ്റിസ് അമീറലിയുടെ ഒരു വിധിയെ ദുർബലപ്പെടുത്തിക്കൊണ്ട് പ്രിവികൗൺസിൽ വിധിച്ചു. (Abdul Fata Vs. Russomy.....1894-Fyzee p.39) പക്ഷെ, സാവകാശം, ഇന്ത്യൻ തെളിവു നിയമം, ഇന്ത്യൻ കരാർ നിയമം, ഇന്ത്യൻ നടപടി നിയമം, ഇന്ത്യൻ കരാർ നിയമം എന്നിവകൊണ്ട് മുസ്‌ലിം നിയമത്തിന്റെ വ്യാപകത്വം പരിമിതമാക്കപ്പെടുകയും അവസാനം 1937ലെ ശരീഅത്ത് ആക്ടുകൊണ്ട് മുസ്‌ലിം നിയമം കേവലം പത്തു കാര്യങ്ങളിൽ മാത്രം നിലനിർത്തപ്പെടുകയുമാണ് ഉണ്ടായത്.

വിവാഹം, വിവാഹ മോചനം, പരിരക്ഷണം(Maintenance), മഹ്റ്, രക്ഷാകർതൃത്വം (Guardianship,)പിന്തുടർച്ചാവകാശം, സ്ത്രീ സ്വത്ത്, ദാനം, വഖ്ഫ്, ട്രസ്റ്റ് എന്നീ പത്തു വിഷയങ്ങളിൽ മാത്രമാണ് ശരീഅത്ത് ആക്ട് പ്രകാരം മറ്റു പൊതു നിയമങ്ങൾക്ക് വിധേയമായിക്കൊണ്ട്, മുസ്‌ലിം നിയമത്തിന്ന് ഇന്ത്യയിൽ നിയമ പ്രാബല്യം ലഭിച്ചത്. ഈ പത്ത് കാര്യങ്ങളെ സൗകര്യത്തിന് വേണ്ടി വിശാലമായ അർഥത്തിൽ രണ്ടായിത്തിരിക്കാം. ഒന്നുമുതൽ അഞ്ച് കൂടിയവ വിവാഹസംബന്ധിയായവയെന്നും, മറ്റുള്ളവയെ സ്വത്തു സംബന്ധിച്ചവയെന്നും. ഈ ലേഖനത്തിൽ സ്ഥലപരിമിതി മൂലം ഒന്നാമത്തെ വിഭാഗത്തെപ്പറ്റി മാത്രമാണ് ചില കാര്യങ്ങൾ പറയാൻ വിചാരിക്കുന്നത്. അതാണ് കൂടുതൽ പ്രധാനവും.

### നിയമത്തിന്റെ ഉറവുകൾ

മുസ്‌ലിം നിയമത്തിന്ന് ഇന്ത്യയിൽ നിയമ പ്രാബല്യം നൽകിയപ്പോൾ, ബ്രിട്ടീഷുകാരായ ജഡ്ജിമാർക്ക് ഒരു വിഷമം നേരിട്ടു. അവർക്ക് മനസ്സിലാവുന്ന ഭാഷയിൽ, മുസ്‌ലിം നിയമഗ്രന്ഥങ്ങളുടെ ദൗർലഭ്യമായിരുന്നു അത്. ഇക്കാര്യത്തിൽ മൂന്നു ഗ്രന്ഥങ്ങളുടെ തർജ്ജുമകൾ അവരുടെ സഹായത്തിനെത്തി. റഷ്യൻ തുർക്കിസ്ഥാൻകാരനായ ബുർഹാനുദ്ദീൻ മർഘീനാനി(എ.ഡി. 1197ൽ അന്തരിച്ചു) യുടെ 'ഹിദായഃ' എന്ന ഗ്രന്ഥത്തിന്ന് ഹാമിൽടൻ എന്ന ഇംഗ്ലീഷ്കാരന്റെ തർജ്ജമയും മുഗൾ ചക്രവർത്തിയായ അറംഗസീബ് ആലംഗീറിന്റെ കല്പനപ്രകാരം ഷെയ്ക്ക്

നിസാം ബുർഹാൻ പൂരിയും(ഹി: 11-ാം നൂറ്റാണ്ട്) വേറെ നാലുപേരും കൂടി നിർമ്മിച്ച "ഫതാവാ ആലംഗീരി" എന്ന ഫത്വാസമാഹാരത്തിന്ന് ബെയ്ല്ലി എന്ന യൂറോപ്യൻ തയാറാക്കിയ വിവർത്തനവുമാണ് അവ. ഇവയെത്രെ ശഷരീഅത്ത് ആക്ടിലെ സുന്നിനിയമത്തിന്റെ അടിയാധാരങ്ങൾ (Out line of Muhammadan Law - Asaf A. A. Fyzee, 1955. p.66, 67) . 'ഹിദായ' യുടെയും 'ഫത്വ ആലംഗീരി' യുടെയും പ്രാമാണ്യത്തെയും അപ്രമാദിത്വത്തെയും സ്വീകാര്യതയേയും പറ്റി പറയാനുള്ള അർഹത എനിക്കില്ല. അത് മതപണ്ഡിതന്മാർക്കായി വിടുന്നു.

13-ാം നൂറ്റാണ്ടിൽ നജ്മുദ്ദീൻ ഹില്ലി യെഴുതിയ "ശറഉൽ ഇസ്ലാം" എന്ന ഗ്രന്ഥത്തിന്ന് ബെയ്ല്ലിതന്നെ തയ്യാറാക്കിയ വിവർത്തനമാണ് ശിയാ നിയമത്തിന്റെ ആണിക്കല്ല്. ബോയ്ല്ലിയുടെ രണ്ടു വിവർത്തനങ്ങളുംകൂടി 'ബെയ്ല്ലി യയുടെ ഡൈജസ്റ്റ്' (രണ്ടു വാല്യങ്ങൾ) എന്നാണ് സാധാരണ വ്യവഹരിക്കുന്നത്.

മേൽപ്പറഞ്ഞ മൂന്നുഗ്രന്ഥങ്ങൾക്ക് പുറമെ ചിലത് കൂടി ഇന്ത്യൻ ശരീഅത്ത് നിയമത്തിന്ന് ആധാരമായി ട്ടുണ്ട്. ഒന്നാമതായി ഇസ്ലാമിന്ന് മുമ്പുള്ള ജാഹിലിയ്യാ അറബികളുടെ നാട്ടുനടപ്പ് (Custom). രണ്ടാമതായിചില റോമൻ നിയമങ്ങൾ. മൂന്നാമതായി "ആദത്ത്" അഥവാ "ഉർഫ്" എന്ന പേരിലറിയപ്പെടുന്ന ദേശീയനാട്ടാചാരങ്ങൾ. ഇജ്മാഇന്റെ സ്ഥാനത്ത് നാട്ടുനടപ്പുകൾ സ്വീകരിക്കപ്പെടുന്നു. അവസാനമായി ന്യായം, നീതി, സദുദ്ദേശ്യം എന്ന വ്യാജേന കടന്നുകൂടിയ ഇംഗ്ലീഷ് നിയമങ്ങളും (Fyzee P.19)

'ഖുർആൻ, ഹദീസ്, ഇജ്മാഅ്, ഖിയാസ് എന്നിവയാണ് ശരീഅത്ത് നിയമത്തിന്റെ അടിസ്ഥാന ശിലകൾ' (Sri.Dinesh Fardunji Mulla, Principles of Muhamedan Law p. 27,1961) എന്ന് സാധാരണ പറയാറുണ്ടെങ്കിലും ഖുർആനോ ഹദീസ് ഗ്രന്ഥങ്ങളോ, ഹിദായയിലോ, ഫതാവാ ആലംഗീരിയിലോ പറഞ്ഞ അഭിപ്രായങ്ങൾക്ക് വിരുദ്ധമായി ഇന്ത്യൻ കോടതികൾക്ക് സ്വീകരിക്കാൻ പാടില്ല. അവ നോക്കാൻ തന്നെ പാടില്ല എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ഒരു പ്രിവി കൗൺസിൽ വിധി ശ്രദ്ധിക്കുക: "കോടതികൾ ഖുർആനിലെ ഉദ്ധരണികളെ അടിസ്ഥാനപ്പെടുത്തി തീരുമാനമെടുക്കാൻ പാടില്ല.......'ഹിദായ' യിൽ വ്യാഖ്യാനിച്ച പ്രകാരവും ബെയ്ല്ലിയുടെ ഇമാമിയയിൽനിന്ന് ഉദ്ധരിക്കപ്പെട്ട പ്രകാരവുമാണ് കോടതികൾ വിധിക്കേണ്ടത് (Aga Mohammed Vs.Koolsom Bee Bee(1897) 24 1.A.196, 203-4). ജസ്റ്റിസ് മഹ്മൂദിന്റെ വിധി ദുർബലപ്പെടുത്തിയ വേറൊരു പ്രിവി കൗൺസിൽ വിധി കൂടി നോക്കുക "മുസ്ലിം നിയമത്തിന്റെ പുരാതനമായ ഗ്രന്ഥങ്ങളോ മുഹമ്മദിന്റെ സ്വന്തം കല്പനപോലുമോ അങ്ങനെത്തന്നെ സ്വീകരിച്ച് അതിൽനിന്ന് 'പുതിയ' നിയമങ്ങൾ സ്വീകരിക്കാൻ അഭിലഷണീയമല്ല, അതേപോലെ, പുതുതായി വെളിച്ചത്തുവന്ന പുസ്തകങ്ങളോ അതല്ലെങ്കിൽ പഴയതും ചോദ്യം ചെയ്യപ്പെടാത്തതുമായ പഴയ പുസ്തകങ്ങളിൽനിന്നുതന്നെ, യുക്തിപൂർവമായ പുതിയ തീരുമാനങ്ങൾ എടുക്കലോ അപകടകരമാണ് (Baker Ali Khan Vs.Anjuman Ara Begum 30. I.A.94).

"ഇന്ത്യയിൽ നടപ്പിലാക്കേണ്ട മൊഹമ്മദൻ നിയമം പ്രസിദ്ധ നിയമഗ്രന്ഥങ്ങളായ 'ഹിദായ' 'ഫതാവാ ആലംഗീരി' മുതലായ ഗ്രന്ഥങ്ങളിൽക്കാണുന്നത്പോലെയാണെന്ന് മറക്കരുത്" (Fyzee P.38).

### നാട്ടുനടപ്പ്

യഥാർഥ ഇസ്ലാമിക ശരീഅത്തിൽ നാട്ടുനടപ്പിന്ന് പ്രാധാന്യമൊന്നുമില്ലെങ്കിലും ഇന്ത്യൻ ശരീഅത്ത് ആക്ടിൽ അതിന്റെ സ്ഥാനം അസാധാരണമാണ്. ജോസഫ് ഷാറ്റ് എന്ന പണ്ഡിതന്റെ അഭിപ്രായത്തിൽ 'സുന്ന' എന്ന് പറഞ്ഞാൽതന്നെ പ്രവാചകന്റെ അധ്യാപനങ്ങളേക്കാൾ കൂടുതൽ അവയ്ക്ക് വിരുദ്ധമല്ലാത്ത ഡമസ്കസിലെ ഉമയ്യാഖലീഫമാരുടെആചാരങ്ങളാണ്. (Joseph sehacht Origin of Muhammeden Jurisprudence-oxford 1950). വേറൊരിന്ത്യൻ നിയമജ്ഞന്റെ അഭിപ്രായം ശ്രദ്ധിക്കുക: "മുസ്ലിം നിയമജ്ഞന്മാർ ഒരിക്കലും സമ്മതിക്കാത്തതാണെങ്കിലും ഇസ്ലാമിന്റെ ആരംഭത്തിന് മുമ്പുള്ള അറബികളുടെ നാട്ടുനടപ്പാണ് മുസ്ലിം നിയമത്തിന്റെ ആദ്യത്തെ ആധാരം; ഖുർആൻ രണ്ടാമത്തേതും.(Muslim Law.k.p.Saksena p. 4, 1963) അമുസ്ലിംകളുടെ ഇത്തരം പ്രസ്താവനകൾ നമുക്ക് പൊറുക്കാൻ കഴിയുന്നതിലും അധികമാണെങ്കിലും, സത്യം അതിൽനിന്നും വളരെയൊന്നും വിദൂരമല്ലെന്ന് കാണുമ്പോൾ നമുക്ക് ലജ്ജിക്കാൻ മാത്രമേ കഴിയുകയുള്ളൂ.

ഒരുദാഹരണം കാണുക: ശരീഅത്ത് നിയമം 'സിഹാർ' (Zihar)എന്ന പേരിൽ ഒരു വിവാഹമോചന ക്രിയ വിവരിക്കുന്നുണ്ട്. അതായത് ഭർത്താവ് ഭാര്യയുടെ ശരീരഭാഗങ്ങൾ തനിക്ക് വിവാഹം ചെയ്യാൻ പാടില്ലാത്തവരുടെ ശരീരഭാഗങ്ങളുമായി താരതമ്യപ്പെടുത്തി, ഭാര്യ തനിക്ക് നിഷിദ്ധമാണെന്ന് ശപഥം ചെയ്യുക. "നീ എനിക്ക് എന്റെ മാതാവിന്റെ പിൻഭാഗം പോലെയാണ്" എന്നോ മറ്റോ. ഇതൊരംഗീകൃത വിവാഹ മോചന സമ്പ്രദായമായിരുന്നു ജീഹിലിയ്യാ അറബികളുടെ ഇടയിൽ. ഇന്ത്യൻ ശരീഅത്ത് നിയമം അത് ഇന്ത്യൻ മുസ്ലിംകൾക്കും അനുവദനീയമാക്കിയിരിക്കുന്നു. വിശുദ്ധ ഖുർആൻ 33:4, 58:2, 58:3, 58:4, 58:5 എന്നിവക്ക് കടകവിരുദ്ധമാണിതെന്ന് പറയേണ്ടതില്ലല്ലോ.

നാട്ടുനടപ്പിന്റെ സ്വീകാര്യതയെ പ്പറ്റി അമുസ്ലിംകൾ മാത്രമല്ല പറഞ്ഞിട്ടുള്ളത്. ജസ്റ്റിസ് സർ അബ്ദുർറഹ്മാൻ പറയുന്നത് ശ്രദ്ധിക്കുക: 'നാട്ടുനടപ്പുകൾ അവയുടെ സ്വീകാര്യതയിൽ സാധാരണയായി ഇജ്മാഉകളുടെ അതേ സ്ഥാനത്ത് അവരോധിക്കപ്പെടുകയും അവയുടെ ഉത്ഭവങ്ങൾ ഒരുപോലെ മാനിക്കപ്പെടുകയും ചെയ്യുന്നു," (Justice Sir, Abdur Rahman: Jurisprudence p. 136)

നൂറുകൊല്ലം പഴക്കമുള്ള ദേശീയ മാമൂലുകൾ നിയമമായി അംഗീകരിക്കപ്പെടണമെന്ന് കോടതികൾ വിധിച്ചിട്ടുണ്ട്.(Majid Hassan Vs. Mohammed safadari Begum 1925 oudh 55, 81 IC 1033), "മുസ്ലിം ശരീഅത്ത് ആക്ട് ബാധകമാക്കിയ മുസ്ലിം നിയമത്തിന്നെ തിരിൽപോലും നാട്ടുനടപ്പാണ് കോടതികൾ പിന്തുടരേണ്ടതെന്ന് ശരീഅത്ത് നിയമം വ്യക്തമായനുശാസിക്കുന്നു." (Faiz Badruddin Tyabji: Muslim Law. 1968 p.p. 14-15)

ഇവക്കെല്ലാം പുറമെ ശരീഅത്ത് നിയമത്തിൽ ഇംഗ്ലീഷ് നിയമത്തിന്റെ സ്വാധീനവും അനല്പമാണ്. "വ്യക്തമായ മുസ്ലിം നിയമത്തിന്റെയോ നാട്ടുനടപ്പിന്റെയോ അഭാവത്തിൽ കോടതികൾ, നീതി, ന്യായം, സദുദ്ദേശം(Justice, equity and good Conscience)എന്നിവയുടെ അടിസ്ഥാനത്തിൽ വിധിക്കേണ്ടതാണ്." "ന്യായം, നീതി, സദുദ്ദേശ്യം എന്നിവകൊണ്ട് ഇംഗ്ലീഷ് നിയമമാണ്

ഉദ്ദേശിക്കപ്പെടുന്നത്."(Tyabji-p.40)

അങ്ങനെ പതിനൊന്നും പന്ത്രണ്ടും നൂറ്റാണ്ടുകളിലെഴുതപ്പെട്ട രണ്ട് ഫിഖ്ഹ് ഗ്രന്ഥങ്ങളുടെ യൂറോപ്യൻ പരിഭാഷയും, നാട്ടുനടപ്പും അനുസരിച്ച് യൂറോപ്യന്മാരുടെ കോടതികളിൽ യൂറോപ്യന്മാരുടെ തെളിവ് നിയമവും നടപടി നിയമവും പിന്തുടർന്ന്, യൂറോപ്യൻ ജഡ്ജിമാർ നടപ്പാക്കിയ ഈ നിയമത്തെ നമുക്ക് 'ശരീഅത്ത് നിയമം' എന്ന് വേണമെങ്കിൽ വിളിക്കാം. അതല്ലെങ്കിൽ അമീറലിയെ അനുകരിച്ച് "ആംഗ്ലോ മൊഹമ്മദൻലോ" എന്നും വിളിക്കാം. ഏതായാലും വിൽസൺ തന്റെ പ്രസിദ്ധമായ ഗ്രന്ഥത്തിന് നൽകിയ പേര് "ആംഗ്ലോ മൊഹമ്മദൻലോ" എന്നാണ്.

## വിവാഹ നിയമങ്ങളെപ്പറ്റി

ശാരീരികമായും, ബുദ്ധിപരമായും, ധനപരമായും കഴിവുള്ളവൻ വിവാഹം കഴിക്കൽ ഇസ്‌ലാമിൽ നിർബന്ധമാണെന്ന് തന്നെ പറയാം. സന്യാസം ഇസ്‌ലാമിൽ നിഷിദ്ധമത്രെ. ഇസ്‌ലാമിലെ വിവാഹം സ്ത്രീയും പുരുഷനും തമ്മിൽ ഒന്നിച്ചു ജീവിക്കാനുള്ള ഒരു കരാറാണ്. അതുകൊണ്ടുതന്നെ ഒന്നിച്ചു ജീവിക്കാൻ കഴിയാത്ത പരിതഃസ്ഥിതിയിൽ വിവാഹമോചനവും അനുവദനീയമത്രെ. ആഭിജാത്യവും സൗന്ദര്യവും കുറഞ്ഞ ഭർത്താവിൽനിന്നും ലൈംഗികമായി ദൗർബല്യമുള്ള ഭർത്താവിൽനിന്നും വിവാഹമോചനം നേടാൻ സ്ത്രീകൾ നബി(സ) യെ സമീപിച്ചപ്പോൾ അവിടുന്ന് അനുവാദം നൽകുകയാണുണ്ടായത്. അതേപോലെ ബുദ്ധിഭ്രമം ബാധിച്ചവരോ, ശാരീരികമായ മഹാവ്യാധികൾ ബാധിച്ചവരോ ആയ ഇണയുമൊത്ത് എന്നെന്നും മാനസിക വിഷമത്തിൽ ജീവിക്കുവാൻ യുക്തിയിലധിഷ്ഠിതമായ ഒരു മതത്തിന് കല്പിക്കുവാൻ സാധ്യമല്ല. മനസ്സുകൾ തമ്മിലുള്ള ലയനം വിവാഹജീവിതത്തിൽ പരമപ്രധാനമാണ്. വളരെക്കാലം ഒന്നിച്ച് ജീവിച്ച് തന്റെ ജീവിതത്തിൽ സുഖവും ആനന്ദവും പകർന്ന ഭാര്യക്ക് വല്ല മാറാരോഗവും പിടിപെട്ടു എന്നു വിചാരിക്കുക. പുരുഷന് വേണമെങ്കിൽ അവളെ ഒഴിച്ചുകളയാം. പക്ഷെ, സമസൃഷ്ടിസ്നേഹത്തിന്നു പ്രാമുഖ്യം നല്കുന്ന ഒരു മതാനുയായിക്കുത്തമം, അവളെ വെച്ചുകൊണ്ടുതന്നെ മറ്റൊരുവളെ വിവാഹം കഴിക്കുന്നതായിരിക്കും. അനാഥ സംരക്ഷണത്തിന്നും ഇസ്‌ലാം ബഹുഭാര്യത്വം അനുവദിച്ചിട്ടുണ്ട്(?). അതും സമസൃഷ്ടിസ്നേഹത്തിൽ നിന്നുത്ഭൂതമായതാണെന്നു കാണാൻ വിഷമമില്ല. ബഹുഭാര്യത്വം അനുപേക്ഷണീയമാകുന്ന വേറെയും സാഹചര്യങ്ങൾ ഉണ്ടായിക്കൂടെന്നില്ല. ഏതായാലും ഖുർആൻ പരിധി നിശ്ചയിച്ചിട്ടുണ്ട്: നാല്. പക്ഷെ, സഹകളത്രങ്ങളോട് തുല്യ നീതി പുലർത്തൽ അത്യന്താപേക്ഷിതമാണ്.(വി.ഖു. 4:3) മനുഷ്യമനസ്സ് പ്രലോഭന വിധേയമാകയാൽ സാമാന്യമായ നീതിയെങ്കിലും അനുപേക്ഷണീയമത്രെ (വി. ഖു. 4: 129). ഏതായാലും "രണ്ടു കളത്രത്തെയുണ്ടാക്കിവെക്കുന്ന തണ്ടുതപ്പിക്ക് സുഖമില്ലൊരിക്കലും" എന്നു കുഞ്ചൻ നമ്പ്യാർ പറഞ്ഞതാണ് അനുഭവജ്ഞാനം.

ഇന്ത്യൻ ശരീഅത്ത് നിയമപ്രകാരം മുസ്‌ലിമാണെന്ന് സ്വയം അവകാശപ്പെടുന്ന ആർക്കും യാതൊരുവിധ നിയന്ത്രണവുമില്ലാതെ ഒരേ സമയത്ത് നാലു ഭാര്യമാരാവാം. ഒരു കാരണവും പറയാതെ അവരെ ഒന്നായോ വകപ്പടിയായോ പന്ത്രണ്ടു വിധത്തിൽ 'മൊഴി' ചൊല്ലുകയുമാവാം. വിവാഹം കഴിച്ചതിനും മൊഴി ചൊല്ലിയതിനും യാതൊരു രേഖയും ആവശ്യമില്ല. ഒന്നുകിൽ കൂടുതൽ വിവാഹം കഴിക്കുന്നതിന്ന് മാത്രം മുസ്‌ലിമായവരുടെ കേസുകളും നിരവധിയാണ്. (Skinner Vs. Orde 1871.Moo. 1. A. 309 Mulla, p.19)അവന്ന് ധനപരമായും ശാരീരികമായും കൂടുതൽ ഭാര്യമാരെ ആവശ്യമുണ്ടോ എന്നും തുല്യനീതി പുലർത്തണമോ എന്നും ചിന്തിക്കേണ്ടവൻ അവൻ മാത്രമാണ്.

യഥാർഥ ഇസ്‌ലാമിക ശരീഅത്ത് പ്രകാരം സ്ത്രീക്ക് വിവാഹമോചനാധികാരമുണ്ട്. അല്ലെങ്കിൽ അവൾക്ക് ഭർത്താവിനെ അതിന്ന് വേണ്ടി നിർബന്ധിക്കാം. പക്ഷെ ഇന്ത്യൻ ശരീഅത്ത് പ്രകാരം സ്ത്രീക്ക് വിവാഹമോചനാധികാരമില്ലെന്ന് മതപണ്ഡിതന്മാരടക്കം ബഹുഭൂരിപക്ഷത്തിന്നും അറിയില്ല എന്നുള്ളതാണ് സത്യം. മത പണ്ഡിതന്മാരുടെ ഉപദേശപ്രകാരം 'ഫസ്ക്' എന്ന വരായുധമുപയോഗിച്ച് 'വിവാഹമോചനം' നടത്തിയ കാരണംകൊണ്ട് ബഹുഭർതൃത്വത്തിന്ന് പ്രതിക്കൂട്ടിൽ കയറുന്ന മുസ്‌ലിം യുവതികളുടെ എണ്ണം വളരെക്കൂടുതലാണ്. ഈയടുത്ത കാലത്ത് കോഴിക്കോട്ടെ ഒരു പ്രധാന ഖാസിയും ഒരു പത്രാധിപരും കോഴിക്കോട് ജില്ലാ മജിസ്ട്രേറ്റ് കോടതിയിലെ പ്രതിക്കൂട്ടിൽ കയറിനിൽക്കേണ്ടി വന്നു. ആദ്യത്തെ ദേഹം രണ്ടാം വിവാഹത്തിന്ന് പൗരോഹിത്യം വഹിച്ചതിന്നും, മറ്റെ മാന്യൻ ഫസ്കിന്ന് ഫത്വ കൊടുത്തതിന്നും.

ഭാര്യയെ (കുട്ടികളെയും) പോറ്റാൻ കഴിവില്ലാത്തവരോട് സംയമനം പാലിക്കാനാണ് ഖുർആൻ ഉപദേശിക്കുന്നത്(4:25). അവരോട് ഭോഗാസക്തി കുറയുവാൻ വേണ്ടി നോമ്പനുഷ്ഠിക്കാൻ പ്രവാചകനും കല്പിക്കുന്നു-(ബുഖാരി). പക്ഷെ ഏതെങ്കിലും ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പോയിനോക്കൂ. നാലും അഞ്ചും കുഞ്ഞുങ്ങളെയുമെടുത്ത് കോടതിവരാന്തയിൽ നിരന്നു നിൽക്കുന്ന മുസ്‌ലിം സഹോദരികളെ നിങ്ങൾക്കവിടെ കാണാം. 'ഭർത്താവ്' അവർക്ക് ചെലവിന്ന് കൊടുക്കുകയുമില്ല, അവരെ തലാഖ് ചൊല്ലുകയുമില്ല. ഭർത്താവ് വേറെ ഒന്നോ കൂടുതലോ വിവാഹം ചെയ്തിട്ടുമുണ്ടാവും. തലാഖ് ചൊല്ലുമ്പോൾ, വാങ്ങിയ സ്ത്രീധനം മടക്കിക്കൊടുക്കണമെന്നാണല്ലോ നാട്ടുനടപ്പ്. ഒരേസമയം നാലെണ്ണം ആവുകയും ചെയ്യാമല്ലോ; പിന്നെയെന്താണ് തലാഖിന്റെ ആവശ്യം! രണ്ടു ഭാര്യമാരിൽ മക്കളുള്ള ഒരു മുസ്‌ലിം മൂന്നാമത്തവളെ വിവാഹം ചെയ്തതുകണ്ടപ്പോൾ മറ്റു ശരണമില്ലാതെ ആദ്യത്തെ രണ്ട് ഭാര്യമാരും അന്യോന്യമുള്ള സമരം നിർത്തി മൊത്തം ഏഴുകുട്ടികളുമായി കോടതിയെസമീപിച്ചത് കുറച്ച് മുമ്പ് കാണുവാൻ കഴിഞ്ഞു. അവരുടെ ഭർത്താവെന്നു പറയുന്നവന്റെ വാദമെന്താണെന്നല്ലെ! താനൊരു ക്ഷയരോഗിയാണെന്നും ആർക്കും ചെലവിന്ന് കൊടുക്കാൻ യാതൊരു മാർഗവുമില്ലെന്നും. താനങ്ങനെ ഒരു സ്ത്രീയെ വിവാഹം ചെയ്തിട്ടില്ലെന്നും തന്റേതാണെന്ന് പറയുന്ന കാൽഡസൻ കുട്ടികളെ താനറിയുകയേ ഇല്ലെന്നും പറയാൻ ചങ്കൂറ്റം കാണിച്ച മറ്റൊരു 'മുസ്‌ലി' മിനെയും കോടതിയിൽവെച്ചു കാണുവാനുള്ള ദുർയ്യോഗം ഈ ലേഖകന്ന് അടുത്തകാലത്തുണ്ടായി.

## വിവാഹാഭാസങ്ങൾ

വിവാഹം എന്ന പദത്തെതന്നെ അശുദ്ധമാക്കുന്ന വിവാഹ സമ്പ്രദായം ഒരു വിഭാഗം മുസ്‌ലിംകൾക്ക് ശരീഅത്ത് ആക്ട് നിയമവിധേയമാക്കുന്നുണ്ട്. അതാണ് "മുത്അ" വിവാഹം. ഒരുനിശ്ചിത കാലത്തേക്കുമാത്രം ഒരു നിശ്ചിത സംഖ്യ പ്രതിഫലം നിശ്ചയിച്ചു സാക്ഷികൾകൂടിയില്ലാതെ നടത്തുന്ന വിവാഹാ

ഭാസമാണ് മുത്അ. മുസ്‌ലിമോ, കൃസ്തു -ജൂത-മജൂസി മതങ്ങളിലോപെട്ട എത്ര യെങ്കിലും സ്ത്രീകളെ ഒരേ സമയം ഈ നിയമപ്രകാരം ഭാര്യയാക്കിവെക്കാവുന്ന താണ്. അത് ഒരു ദിവസത്തേക്കോ, ഒരു മാസത്തേക്കോ, ഒരു കൊല്ലത്തേക്കോ, കൊല്ലങ്ങൾക്കു വേണ്ടിയോ ആവാം. (Fyzee P.100) ഒരാൾക്ക് ഒരേ സമയം എത്രയെങ്കിലും "മുത്ആ" ആവാം; ഏഴോ, എഴുപതോ, അതിൽ കൂടുതലോ. (Tyabji-p.68) കോഴിക്കോട്ടും മറ്റും കണ്ടുവരുന്ന 'അറബിക്കല്യാണം' ഈ നിയമപ്രകാരമായിരിക്കണം നടക്കുന്നത്.

ജൂത-കൃസ്തീയ വനിതകളുമായുള്ള വിവാഹം ഖുർആനും ശരീഅത്ത് ആക്ടും അനുവദിക്കുന്നുണ്ട്. പക്ഷെ ബിംബാരാധകരുമായുള്ള വിവാഹം പാടില്ല. ശരീഅത്ത് നിയമപ്രകാരം ഹിന്ദുക്കളുമായുള്ള വിവാഹം "ഫാസിദാ"ണ്. പക്ഷെ, നാട്ടുനടപ്പനുസരിച്ച് അത്തരം വിവാഹം നിയമവിധേയമാണെന്ന് അമീറലി അഭിപ്രായപ്പെടുന്നു. "............ഒരു മുസ്‌ലിമിന്ന് 'ബ്രഹ്മോ' സമുദായത്തിൽപെട്ട ഒരു സ്ത്രീയുമായി വിവാഹത്തിലേർപ്പെടാം. അതേപോലെ, ഹിന്ദുക്കളുടെ വിഗ്രഹാരാധന നാമമാത്രമാകയാൽ അവരുമായുള്ള വിവാഹം നിരോധിക്കാനും കാരണമൊന്നും കാണുന്നില്ല. മുഗൾ ചക്രവർത്തിമാർ രജപുത്രവനിതകളുമായി സാധാരണയായി വിവാഹത്തിൽ ഏർപ്പെടുകയും അതിലുണ്ടാകുന്ന മക്കൾ നിയമവിധേയമായി കണക്കാക്കപ്പെടുകയും, പലപ്പോഴും കിരീടാവകാശിയായിത്തീരുകയും ചെയ്തിട്ടുണ്ട്." (Ameer Ali: Mohammadan Law Vol.II, P.154)

നാമിക്കണ്ടതെല്ലാം യഥാർഥ ഇസ്‌ലാമിക നിയമമാണെന്ന് ഇസ്‌ലാമിന്റെ ശത്രുക്കൾ മാത്രമെ പറയുകയുള്ളൂ. ഇന്ത്യൻ ശരീഅത്ത് നിയമത്തിൽ ഖുർആന്നും സുന്നത്തിന്നും നാമമാത്രമായ സ്ഥാനമേയുള്ളൂ എന്ന് നാം കണ്ടുകഴിഞ്ഞല്ലോ. ഇവിടെ ഔറംഗസീബിന്റെ കോഡാണ് പ്രധാനം; 'ഹിദായ'യും കൂടെ നാട്ടുനടപ്പും ഇംഗ്ലീഷ് നിയമവും. ചുരുക്കത്തിൽ നന്മ ചെയ്യലും തിന്മ ചെയ്യാതിരിക്കലുമാണ് ഇസ്‌ലാം. ഫയ്സി പറയുന്നു. "................ദൈവപ്രചോദിതനായ ഒരു പ്രവാചകന്റെ സഹായമില്ലാതെ, ദുർബലനായ മനുഷ്യന് നന്മയും തിന്മയും തിരിച്ചറിയുവാൻ കഴിയുകയില്ല. ..........ധാർമ്മികമായി നല്ലത് ചെയ്യുക, ധാർമ്മികമായി വിരൂപമായത് ചെയ്യാതിരിക്കുക. ഇതാണ് നിയമം, അല്ലെങ്കിൽ ശരീഅത്ത് . ഇതല്ലാതെ മറ്റൊന്നും തന്നെ നിയമമാവാൻ നിവൃത്തിയില്ല. പക്ഷെ എന്താണ് ആത്യന്തികമായും അപ്രമാദികമായും സുന്ദരമായത്? എന്താണ് ആത്യന്തികമായും അപ്രമാദികമായും വിരൂപമായത്? ഇതാണ് പ്രധാനപ്പെട്ട നിയമപ്രശ്നങ്ങൾ. ആർക്കാണിതിന്നുത്തരമേകാൻ കഴിയുക? തീർച്ചയായും മനുഷ്യന്ന് സാധ്യമല്ല എന്നു മുസ്‌ലിം പണ്ഡിതന്മാർ പറയുന്നു. ദൈവത്തിന്റെ അരുളപ്പാടുകളായ ഖുർആൻ നമ്മുടെ മുമ്പിലുണ്ട്. അതിന്റെ പരിപൂരിതമാക്കാൻ പ്രവാചകന്റെ വചനങ്ങളും ചര്യകളും. നിയമപരമായ പ്രശ്നങ്ങൾക്ക് ഉത്തരം കാണാൻ അവയിൽനിന്നായിരിക്കണം നാം പ്രചോദനമുൾക്കൊള്ളേണ്ടത്. നമ്മുടെ മുമ്പിലുള്ള ഒരു പ്രത്യേക പ്രശ്നത്തിന് ഖുർആനിലോ ഹദീസിലോ വ്യക്തമായ ഉത്തരമില്ലെങ്കിൽ, നാം നമ്മുടെ ബുദ്ധിയെ, ചില പ്രത്യേക തത്വങ്ങൾക്ക് വിധേയമാക്കിക്കൊണ്ട് ആശ്രയിക്കണം."(Fyzee P.P .14,15)

യമനിലെ ഗവർണറായി നിയമിക്കപ്പെട്ട മുആദ് (റ) ഖുർആനിലും നബിചര്യയിലും തനിക്കൊരു പ്രശ്നത്തിനുത്തരം കാണാൻ കഴിഞ്ഞില്ലെങ്കിൽ ബുദ്ധിയെ ആശ്രയിക്കും എന്നു പറഞ്ഞപ്പോൾ പ്രവാചകപ്രഭു സന്തോഷിച്ചു ദൈവത്തെ സ്തുതിക്കുക മാത്രമാണ് ചെയ്തത് എന്നത് നമുക്കെപ്പോഴും വഴികാട്ടിയായിരിക്കട്ടെ. പക്ഷെ, പന്ത്രണ്ടാം നൂറ്റാണ്ടുകാരന്റെ ബുദ്ധിയെ നാം ആശ്രയിക്കുകയുള്ളൂ എന്ന് വാശിപിടിച്ചാൽ, ദൈവത്തിന്നു മാത്രമേ നമ്മെ രക്ഷിക്കാൻ കഴിയുകയുള്ളൂ.

ബഹുഭാര്യത്വവും വിവാഹമോചനവും ആവശ്യമാവുന്ന സന്ദർഭങ്ങളുണ്ട്. പക്ഷെ, അത് തീരുമാനിക്കുവാനുള്ള എല്ലാ അവകാശവും ഇസ്‌ലാമിക ബോധമോ ധാർമ്മിക ചിന്തയോ ഇല്ലാത്ത വ്യക്തികളുടെ കയ്യിൽ യാതൊരു നിയന്ത്രണവുമില്ലാതെ ഏൽപ്പിച്ചുകൊടുക്കുന്നത് എത്രത്തോളം ആശാസ്യമാണ് എന്ന് ചിന്തിക്കേണ്ടതാണ്.

1961 ജൂലായ് 15 വരെ പാക്കിസ്ഥാനിലും ഇന്ത്യൻ ശരീഅത്ത് നിയമം തന്നെയായിരുന്നു പ്രാബല്യത്തിൽ. അന്നേദിവസം ഒരോർഡിനൻസ് (Ordinence No.Viii of 1961)പ്രകാരം പാക്കിസ്ഥാനിൽ വിവാഹസംബന്ധമായ കാര്യങ്ങൾ ആർബിട്രേഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലാക്കി. ബഹുഭാര്യത്വമോ വിവാഹമോചനാധികാരമോ ഉപര്യൂക്ത നിയമം നിർത്തലാക്കുന്നില്ല. ഭോഗാസക്തരും, സ്വാർത്ഥികളും, ധാർമ്മികബോധമില്ലാത്തവരുമായ വ്യക്തികളുടെ വിവാഹത്തിന്റെ പേരിലുള്ള കയറൂരിവിട്ട ദുസ്വാതന്ത്ര്യങ്ങൾ നിയന്ത്രിക്കുക മാത്രമാണ് ചെയ്യുന്നത്. പാക്കിസ്ഥാൻ ഇപ്പോൾ ഇന്ത്യയുടെ ശത്രുവാണ്. പക്ഷെ, ശത്രുവിൽനിന്നു പോലും ചിലതെല്ലാം പകർത്തുന്നതിൽ അപാകതയുണ്ടെന്ന് തോന്നുന്നില്ല.

സർക്കാർതലത്തിൽ ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ വല്ല കാരണവശാലും നമുക്ക് വിഷമമുണ്ടെങ്കിൽ, മഹല്ലുകൾ തോറും കമ്മിറ്റികൾ ഏർപ്പെടുത്തി, വിവാഹത്തിന്റെ പേരിൽ നടക്കുന്ന അനാശാസ്യതകൾ കുറച്ചെങ്കിലും നിയന്ത്രിക്കാൻ കഴിയേണ്ടതാണ്. തെറ്റുകൾ ബോധ്യമായിട്ടും തിരുത്താത്തവർ, തിരുത്താൻ ശ്രമിക്കുകയെങ്കിലും ചെയ്യാത്തവർ.......നാമവരുടെ കൂട്ടത്തിൽ പെട്ടവരാകാതിരിക്കട്ടെ!

●